# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 187 13.02.2013 ൽ മറുപടിക്ക്

## റെയിൽവേ ബഡ്ജറ്റിനുമുമ്പായി നടന്ന സംസ്ഥാനത്തെ എം.പി.മാരുടെ യോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്:<br>" കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):<br>" എം. ഹംസ:<br>" സി.കെ. സദാശിവൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | കേന്ദ്ര റെയിൽവേ ബഡ്ജറ്റിനുമുമ്പായി സംസ്ഥാനത്തെ എം.പി.മാരുടെ യോഗം വിളിച്ച് ചർച്ചചെയ്യാൻ താമസിച്ചതിനെക്കുറിച്ചുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ഇക്കാര്യത്തിൽ, സർക്കാർ നിലപാട് വ്യക്തമാക്കുമോ; | (എ) | ഇല്ല. കേരളത്തിൽ റെയിൽവേയുടെ സമഗ്ര വികസനത്തിനാവശ്യമായ കാര്യങ്ങൾ 30.07.2012 നും 15.11.2012 നും സംസ്ഥാനസർക്കാർ വിളിച്ച ചേർത്ത എം.പി.മാരുടെ യോഗങ്ങളിൽ ചർച്ച ചെയ്യുകയുണ്ടായി. സംസ്ഥാനത്തിന്റെ റെയിൽവേ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് 2013-14 ലെ റെയിൽവേ ബഡ്ജറ്റിൽ ആവശ്യമായ വകയിരുത്തൽ ഉൾക്കൊള്ളിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് 2012 നവംബർ മാസം വിശദമായി നിവേദനം നൽകിയിട്ടുണ്ട്. പ്രസ്തുത നിവേദനം തയ്യാറാക്കുന്നതിലേയ്ക്കായി 27.10.2012 ൽ എല്ലാ എം.പി.മാർക്കും കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാർ, രാജ്യസഭാ എം.പി.മാർ ഉൾപ്പെടെയുള്ളവർക്കും അഭിപ്രായ സ്വരൂപീകരണത്തിന് അയയ്ക്കുകയും, അതുപ്രകാരം എം.പി.മാരിൽ നിന്നും ലഭിച്ച അഭിപ്രായം സമാഹരിച്ച് 26.12.2012 ൽ കരട് മെമ്മോറാണ്ടം എല്ലാ എം.പി.മാർക്കും വീണ്ടും അയച്ചു കൊടുത്തിട്ടുമുണ്ട്. |
| (ബി) | എം.പി.മാർ യോഗത്തിൽ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിക്കണമെന്ന് നിശ്ചയിക്കുകയുണ്ടായി; | (ബി) | എം.പിമാർ ആവശ്യപ്പെട്ട കാര്യങ്ങൾ ടി മെമ്മോറാണ്ടത്തിലുൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധം1 ആയി ചേർത്തിരിക്കുന്നു. |
| (സി) | കഴിഞ്ഞ രണ്ടു റെയിൽവേ ബഡ്ജറ്റുകളിൽ സംസ്ഥാനത്തു നടപ്പാക്കുമെന്നു പ്രഖ്യാപിച്ച എന്തെല്ലാം പദ്ധതികളാണ് പൂർണ്ണമായി നടപ്പിലാക്കിയത്; അവശേഷിക്കുന്നവ ഏവ; | (സി) | 2011-12, 2012-13 ൽ കേരളത്തിനായി പ്രഖ്യാപിച്ച കാര്യങ്ങളും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും അനുബന്ധം - II ആയി വച്ചിരിക്കുന്നു. |
| (ഡി) | ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പിലാക്കുന്നതിനും, സംസ്ഥാനത്തോട് റെയിൽവേ കാണിക്കുന്ന അവഗണന തിരുത്തിച്ച് | (ഡി) | സംസ്ഥാനത്തിന്റെ റയിൽവേ ആവശ്യങ്ങൾ നടപ്പിലാക്കാനായി ആവശ്യമായ വകയിരുത്തലുകൾ 2013-14 ലെ റയിൽവേ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് 2012 നവംബർ മാസം ഒരു |

| | | | |
|---|---|---|---|
| | സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് ആവശ്യം വേണ്ട കാര്യങ്ങൾ നേടുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | | വിശദമായ നിവേദനം സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് ടി മെമ്മോറാണ്ടം പുനരവലോകനംചെയ്ത് കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ ഉന്നയിക്കപ്പെട്ട വിഷയങ്ങളും ചേർത്ത് 02.01.2013 ന കേന്ദ്ര റെയിൽവേ മന്ത്രി കോഴിക്കോട് സന്ദർശിച്ച വേളയിൽ അദ്ദേഹത്തിനു സമർപ്പിക്കുകയും എല്ലാ വിഷയങ്ങളും വിശദമായി അദ്ദേഹവും റെയിൽവേ ബോർഡ് ചെയർമാനുൾപ്പെടെയുള്ള റെയിൽവേ ഉദ്യോഗസ്ഥരുമായി മുഖ്യമന്ത്രിയും റെയിൽവേയുടെ ചാർജ്ജുള്ള വകുപ്പ് മന്ത്രിയും ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തെ റെയിൽവേ മേഖലയിൽ, മറ്റു സംസ്ഥാനങ്ങൾക്കു ലഭിക്കുന്നതിന്റെ നേരിയ ശതമാനം പോലും ലഭിക്കുന്നില്ല എന്നത് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഒരു അഖിലകക്ഷിസംഘത്തെ അയയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഇ) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം [illegible] ൽ ലഭ്യമാണ്